## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2472 11.10.2011- ൽ മറുപടിക്ക്

### പ്രകൃതിക്ഷോഭത്തിൽ വീടുതകർന്നവർക്കുള്ള നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.കെ. ശശീന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിൽ കക്കോടി ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ പനയത്തിങ്കൽ ശ്രീമതി. ലക്ഷ്മിക്ക് പ്രകൃതിക്ഷോഭത്തിൽ വീട് തകർന്നതിന് നഷ്ടപരിഹാരമായി എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രീമതി. ലക്ഷ്മിയ്ക്ക് ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്നുള്ള 35,000/- രൂപ വിതരണം ചെയ്തിട്ടുമുണ്ട്. |
| (ബി) | വീട് പുനർനിർമ്മിക്കുന്നതിന് നൽകിയ തുക അപര്യാപ്തമാണെന്നറിയിച്ചുകൊണ്ട് ശ്രീമതി. ലക്ഷ്മി നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് തഹസിൽദാർ മുമ്പാകെ നിവേദനം നൽകിയിട്ടുണ്ട്. ഒരു ലക്ഷം രൂപ അനുവദിച്ചതിൽ ബാക്കി നൽകാനുള്ള 65,000/- രൂപ 2245-80-800-80 Other miscellaneous relief expenditure എന്ന ശീർഷകത്തിൽ നിന്നുമാണ് അനുവദിക്കേണ്ടത്. പ്രസ്തുത ശീർഷകത്തിൽ ഫണ്ട് ലഭ്യമാക്കി ബാക്കി 65,000/- രൂപ ഉടനെ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ